(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജില്ലാതല ടാസ്ക് ഫോഴ്സിൽ ഇപ്പോൾത്തന്നെ എൻ.ജി.ഒ.-കളുടെ സജീവമായ പങ്കാളിത്തം ഉണ്ട്.

**ബാലവേല തടഞ്ഞ് - പുനരധിവസിപ്പിക്കാൻ പദ്ധതി**

56 (2751) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാലവേല തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് അറിയിക്കുമോ ;

(ബി) ബാലവേല ചെയ്യിച്ചതിന്റെ പേരിൽ എത്രപേർക്കെതിരെ കേസ് ചാർജ്ജ് ചെയ്തു എന്ന് അറിയിക്കുമോ ;

(സി) ബാലവേല ചെയ്യുവാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കി കുട്ടികൾക്ക് പഠനം, ഭക്ഷണം, വസ്ത്രം എന്നിവ നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ; ഇല്ലെങ്കിൽ അത് ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രമമായുള്ള പരിശോധനയ്ക്കുപുറമെ ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സ്ക്വാഡ് പരിശോധന നടത്തുകയും ബാലവേലയ്ക്കെതിരെ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 'ബാല തൊഴിൽ നിരോധനം' ഒരു വർഷത്തെ കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേസുകളൊന്നും തന്നെ ചാർജ്ജ് ചെയ്തിട്ടില്ല.

(സി) ബാലവേല ചെയ്യാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത കുട്ടികളെ അവരുടെ മാതാപിതാക്കളെ ഏൽപ്പിക്കുന്ന കാര്യം തൊഴിൽവകുപ്പ് നടപ്പിലാക്കുന്നതാണ്.

**ഐ.ടി.ഐ.-കളിലെ കുട്ടികൾക്ക് സാങ്കേതിക മികവ്**

57 (2752) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ. ടി. ഐ.-കളിൽ കാലഹരണപ്പെട്ട പഠന അദ്ധ്യായങ്ങൾ മാറ്റുവാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ;

(ബി) ഐ. ടി. ഐ.-കളിൽ കാലം മാറിയതനുസരിച്ച് പുത്തൻ വ്യവസായങ്ങൾക്കും, ലോകക്ഷേമത്തിനും വേണ്ടുന്ന സാങ്കേതിക മികവ് കുട്ടികൾക്ക് സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly